കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ- JnNURM/KSUDP പ്രോജക്ട്-പൊന്നുംവില നടപടി-ഭൂമി ഏറ്റെടുക്കലിന് തനതുഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.106/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 16-1-2013

പരാമർശം : 1. സർക്കാർ ഉത്തരവ് (എം.എസ്) നം. 197/2012/തസ്വഭവ തീയതി 10-7-2012

2. കെ.എസ്.യു.ഡി.പിയുടെ 20-12-12 ലെ 2009/4005/കെ.എസ്.യു.ഡി.പി നമ്പർ കത്ത്

3. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 8.10.2012 ലെ JnNURM/KSUDP/MOJ2/LAVY/1322/06 നമ്പർ കത്ത്

4. സർക്കാർ ഉത്തരവ് (സാധാ) നം. 317/2013/ധന തീയതി 15-1-2013.

ഉത്തരവ്

തിരുവനന്തപുരം, കൊല്ലം, കൊച്ചി എന്നീ കോർപ്പറേഷനുകളിലെ എഡിബി/ജനറം എന്നീ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകൾക്ക് ആവശ്യമായ ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് 198.36 കോടി രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

സ്വീവറേജ് പദ്ധതികൾക്കായി എളംകുളം വില്ലേജിൽ 17.31 ആർ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർ ഭൂമിവില അംഗീകരിച്ചതായും 17-1-2013 ൽ ടി എൽ.എ നടപടികൾ ഡിനോവ ആകും എന്നുള്ളതിനാലും എത്രയും വേഗം 5 കോടി 70 ലക്ഷം രൂപ അനുവദിക്കണമെന്ന് കൊച്ചിൻ നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കൊച്ചി കോർപ്പറേഷന്റെ സ്വീവറേജ് പദ്ധതികൾക്കായി എളംകുളം വില്ലേജിൽ പൊന്നുംവിലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 2,50,32,700/- രൂപ കൊച്ചി കോർപ്പറേഷന്, റിലീസ് ചെയ്യാനുള്ള വികസന ഫണ്ടിനത്തിലെ അവസാനത്തെയും 10-ാമത്തെയുമായ ഗഡു മുൻകൂറായി അനുവദിച്ച് ധനകാര്യ വകുപ്പ് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷന് സ്ഥലമെടുപ്പിന് 2012-13 സാമ്പത്തിക വർഷത്തിൽ ആവശ്യമായി വരുന്ന ബാക്കി തുക കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, തിരുവനന്തപുരം
ധന വകുപ്പ് (330/ഡെവ.2/12/ധന, 15-1-13 പ്രകാരം)
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.